പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4848 05/02/2014- ൽ മറുപടിക്ക്

## അങ്കമാലി മണ്ഡലത്തിൽ കുളമ്പുരോഗം ബാധിച്ച കന്നുകാലികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ : | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കുളമ്പുരോഗംമൂലം ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) ഉണ്ട്. ആയത് അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) അങ്കമാലി നിയോജകമണ്ഡലത്തിൽ കുളമ്പുരോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എത്ര പശുക്കൾ പ്രസ്തുത രോഗത്താൽ മരണപ്പെട്ടിട്ടുണ്ട്; ഇത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (ബി) അങ്കമാലി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി 76 പശുക്കൾ മരണപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സൗജന്യമായി മരുന്ന് വിതരണം നടത്തുകയും, പ്രതിരോധ കുത്തിവെയ്പ്പുകൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ രോഗം ബാധിച്ച ഉരുക്കൾക്ക് സൗജന്യമായി കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) കുളമ്പുരോഗംമൂലം ക്ഷീരകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പശുക്കളെ വാങ്ങാനായി എടുത്ത ലോണുകൾ എഴുതി തള്ളുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) ഇപ്പോൾ പരിഗണനയിലില്ല. |

(ഡി) കുളമ്പുരോഗംമൂലം കർഷകർ നേരിടുന്ന പ്രതിസന്ധികൾ കണക്കിലെടുത്ത് അയ്യമ്പുഴ പഞ്ചായത്തിലെ മൃഗാശുപത്രിയിൽ ഡോക്ടറെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; മാസങ്ങളായി ഒഴിഞ്ഞുകിടക്കുന്ന തസ്തികയിൽ ഡോക്ടറെ നിയമിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ; ഡോക്ടറെ എന്നത്തേക്ക് നിയമിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(ഡി) എംപ്ലോയ്മെന്റ് മുഖേന ഡോക്ടറെ നിയമിക്കുന്ന നടപടി സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം 1

## മൃഗസംരക്ഷണവകുപ്പ് സംസ്ഥാനതലത്തിൽ സ്വീകരിച്ച നടപടികൾ

1. പ്രതിരോധ നടപടികളുടെ ഭാഗമായി രോഗബാധിത പ്രദേശത്തിനു ചുറ്റുമായി കുത്തിവയ്പ് (റിങ്ങ് വാക്സിനേഷൻ) നടത്തിവരുന്നു. രോഗം ബാധിച്ച ഉരുക്കൾക്ക് മൃഗസംരക്ഷണവകുപ്പ് സൗജന്യ ചികിത്സയും നൽകുന്നുണ്ട്. ചികിത്സക്കാവശ്യമായ മരുന്നുകൾ, പരിസര ശുചീകരണത്തിന് ആവശ്യമായ അണുനാശിനികൾ എന്നിവ വാങ്ങുന്നതിന് വേണ്ടി മൃഗസംരക്ഷണവകുപ്പ് 20,00,000/- രൂപ ജില്ലകളിലുള്ള ഫണ്ടുകൾക്ക് പുറമെ അധിക ഫണ്ട് ആയി ഗോരക്ഷ പദ്ധതിയിൽ നിന്ന് വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. മരുന്നും അനുനാശിനികളും ജില്ലാതലത്തിൽ വാങ്ങി ഉപയോഗിച്ച് വരുന്നു.

2. 50 ലക്ഷം രൂപയുടെ അത്യാവശ്യ മരുന്നുകൾ മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റിൽ നിന്ന് ഷോർട്ട് ടെന്റർ വിളിച്ച് വാങ്ങി വിവിധ ജില്ലകൾക്ക് വിതരണം ചെയ്തു കഴിഞ്ഞു.

3. എല്ലാ ജില്ലകളിലും കർഷകർക്ക് ബോധവൽക്കരണ സെമിനാറുകൾ നടത്തി കുളമ്പുരോഗത്തെക്കുറിച്ചും പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിച്ചു.

4 SRDDL ബാംഗ്ലൂർ, PD,FMD മുക്തേശ്വർ എന്നിവടങ്ങളിലെ വിദഗ്ധ സംഘം കേരളത്തിലെ വിവിധ ജില്ലകൾ സന്ദർശനം നടത്തി സാമ്പിളുകൾ ശേഖരിച്ച് വിശദമായ റിപ്പോർട്ട് മൃഗസംരക്ഷണവകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടു. കർണ്ണാടക സംസ്ഥാനത്ത് ഉായിട്ടുള്ള കുളമ്പുരോഗ വൈറസിന്റെ അതേ ജനിതക ഘടനയുള്ള വിഭാഗത്തിൽപ്പെട്ട വൈറസ് തന്നെയാണ് കേരളത്തിലും കുളമ്പുരോഗം ഉണ്ടാക്കിയിട്ടുള്ളത്.

5. കുളമ്പുരോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണവകുപ്പിന്റെ എല്ലാ ചെക്ക് പോസ്റ്റുകളും 1/10/2013 മുതൽ താല്ക്കാലികമായി 10 ദിവസത്തേക്ക് അടച്ചിടുകയുണ്ടായി. അതിനുശേഷം നിബന്ധനയോടുകൂടി കന്നുകാലികളെ കടത്തിവിടുകയും പരിശോധന കർശനമാക്കുകയും ചെയ്തു. ഇത് ഒരു അളവുവരെ കുളമ്പുരോഗം നിയന്ത്രിക്കുന്നതിന് സഹായകരമായിരുന്നു. ചെക്ക് പോസ്റ്റുകൾ 4/12/2013 മുതൽ വീണ്ടും താല്ക്കാലികമായി അടച്ചിടുകയും ചെയ്തു. 9/1/2014 വ്യാഴാഴ്ച വൈകിട്ട് 3 മണിമുതൽ കർശനമായ നിയന്ത്രണങ്ങൾക്ക് വിധേയമായി കേരളത്തിലെ തിരഞ്ഞെടുത്ത 5 ചെക്ക് പോസ്റ്റുകൾ കന്നുകാലികളെ കേരളത്തിലേക്ക് കൊണ്ട് വരുന്നതിന് തുറന്നുകൊടുക്കുവാൻ തീരുമാനിച്ചു. പാലക്കാട് ജില്ലയിലെ മുതലമട, വാളയാർ, ഇടുക്കി ജില്ലയിലെ കുമളി, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം (കുഞ്ചത്തൂർ), തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല എന്നീ അഞ്ച് ചെക്കുപോസ്റ്റുകളിൽ കൂടി മാത്രമേ കാലികടത്തൽ അനുവദിച്ചിട്ടുള്ളൂ. മൃഗസംരക്ഷണ വകുപ്പിലെ 5 അഡീഷണൽ ഡയറക്ടർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് ചെക്ക് പോസ്റ്റുകൾ പ്രവർത്തിക്കുന്നത്. രാവിലെ 6 മണിമുതൽ വൈകിട്ട് 6 മണിവരെ മാത്രമേ കാലികടത്തൽ അനുവദിച്ചിട്ടുള്ളൂ. കരാർ അടിസ്ഥാനത്തിൽ ചെക്ക്

പോസ്റ്റുകളിൽ ആവശ്യമായ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

6. വിവിധ ജില്ലകളെ 4 സോണുകളായി തിരിച്ച് വകുപ്പിലെ 4 അഡീഷണൽ ഡയറക്ടർമാർക്ക് ചാർജ്ജ് നൽകുകയും അടിയന്തിര സോണൽ മീറ്റിംഗുകൾ കൂടി കുളമ്പുരോഗം നിയന്ത്രിക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു.

7. എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ക്ഷീരവികസനവകുപ്പ്, ക്ഷീരസഹകരണസംഘം, വനം വകുപ്പ്, പോലീസ്, മോട്ടോർ വാഹനവുകുപ്പ്, തദ്ദേശസ്വയംഭരണം, മിൽമ എന്നിവരുടെ യോഗം കൂടി പ്രശ്നങ്ങളെ അവലോകനം ചെയ്തു.

8. കുളമ്പുരോഗം ബാധിച്ച് മരണപ്പെട്ട ഉരുക്കൾക്ക് 20,000/- രൂപ വീതം നഷ്ടപരിഹാരവും രോഗം ബാധിച്ച പശുക്കൾക്ക് ഓരോന്നിനും 200 കി.ഗ്രാം (4 ചാക്ക്) കാലിത്തീറ്റയും സൗജന്യമായി നൽകാൻ തീരുമാനിച്ചു. നാളിതുവരെ വിവിധ ജില്ലകളിൽ 2,23,63,000/- രൂപ മരണപ്പെട്ട ഉരുക്കൾക്ക് നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. രോഗം ബാധിച്ച ഉരുക്കൾക്കുളള സൗജന്യകാലിത്തീറ്റ വിതരണം നടന്നുവരുന്നു.

(signature)

സെക്ഷൻ ഓഫീസർ